8042
7/8/14

കേരള സർക്കാർ

**സംഗ്രഹം**

സാമൂഹ്യനീതി വകുപ്പ് - കുട്ടികളുടെ കൂട്ടായ്മ - ബാലമേള 2014 നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

===

**സാമൂഹ്യനീതി (എ) വകുപ്പ്**

സ.ഉ. (സാധാ) നം. 483/2014/സാ.നീ.വ. തീയതി, തിരുവനന്തപുരം: 05.08.2014.

===

പരാമർശം:- 1. 08.07.2014-ലെ സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ ഐ.സി.പി.എസ്.1/17161/14 നമ്പർ കത്ത്.

2. 21.07.2014-ലെ വർക്കിംഗ് ഗ്രൂപ്പ് യോഗ നടപടിക്കുറിപ്പ്.

**ഉത്തരവ്**

ഗവൺമെന്റ് ചിൽഡ്രൻസ് ഹോമിലേയും മഹിളാ മന്ദിരത്തിലേയും ജില്ലയിലെ തന്നെ മറ്റു സ്ഥാപനങ്ങളിലുമുള്ള കുട്ടികളെയും ഉൾപ്പെടുത്തിക്കൊണ്ട് അവരുടെ കഴിവുകളും അറിവുകളും പരസ്പരം കൈമാറുന്നതിനും വേണ്ടി കുട്ടികളുടെ കൂട്ടായ്മയായ 'ബാലമേള 2014' എന്ന ഏകദിന പരിപാടിക്കുള്ള പ്രൊപ്പോസൽ തൃശ്ശൂർ ചൈൽഡ് വെൽഫെയർ കമ്മിറ്റി സമർപ്പിച്ചിട്ടുണ്ടെന്നും ആയതിലേയ്ക്കായി 1,80,000/- രൂപ ഐ.സി.പി.എസ്-ന്റെ 2235-02-102-61 (പി) 34 എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കണമെന്നും സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ പരാമർശ കത്ത് മുഖേന അഭ്യർത്ഥിച്ചു.

2. 21.07.2014-ൽ കൂടിയ വർക്കിംഗ് ഗ്രൂപ്പ് യോഗം ടി പ്രൊപ്പോസൽ പരിശോധിക്കുകയും ആയത് അംഗീകരിക്കുകയും ചെയ്തു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ തൃശ്ശൂർ ചൈൽഡ് വെൽഫെയർ കമ്മിറ്റിയുടെ 'ബാലമേള 2014' എന്ന പരിപാടിക്കുള്ള ഭരണാനുമതിയും ഇതിന്റെ നടത്തിപ്പിലേയ്ക്കായി 1,80,000/- രൂപ (ഒരു ലക്ഷത്തി എൺപതിനായിരം രൂപ മാത്രം) നടപ്പ് സാമ്പത്തിക വർഷത്തെ ഐ.സി.പി.എസ്-ന്റെ 2235-02-102-61 (പി) 34 എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിനുള്ള അനുമതിയും നൽകി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
**ഡോ.കെ.എം.എബ്രഹാം**
അഡീഷണൽ ചീഫ് സെക്രട്ടറി

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഡി.ബി.സെൽ), കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്.
വിവര പൊതുജന സമ്പർക്ക വകുപ്പ്, വെബ് ആന്റ് ന്യൂ മീഡിയ (വെബ്സൈറ്റിൽ ഉൾപ്പെടുത്തുന്നതിന്).
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.